# Desabhimani

# 31 August 2018

# Paravoor, After Flood, Cleaning Campaign

## പറവൂരിലെ ശുചീകരണത്തിന് ആന്തൂർ നഗരസഭാംഗങ്ങളും



ശുചീകരണത്തിനായി എത്തിച്ചേർന്ന ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി കെ ശ്യാമളയും സംഘവും

**പറവൂർ**

പ്രതിപക്ഷമില്ലാത്ത സംസ്ഥാനത്തെ ഏക നഗരസഭയായ ആന്തൂരിൽനിന്ന് പ്രളയക്കെടുതിയിൽപ്പെട്ടവർക്ക് ആശ്വാസമായി കൗൺസിലർമാരും ജീവനക്കാരും എത്തി. ചേന്ദമംഗലം പഞ്ചായത്തിലെ വലിയ പഴംപിള്ളി തുരുത്തിലെ വീടുകളാണ് ഇവർ ശുചീകരിച്ചത്.

36 പേരടങ്ങുന്ന സംഘം മൂന്ന് ബാച്ചുകളായി തിരിഞ്ഞാണ് ശുചീകരണത്തിൽ ഏർപ്പെട്ടത്. നഗരസഭാ ചെയർപേഴ്സൺ പി കെ ശ്യാമള നേതൃത്വം കൊടുത്ത സംഘത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ പി അരുൺ, മുനിസിപ്പൽ എൻജിനിയർ കെ കലേഷ് എന്നിവരുമുണ്ട്. 22 വീടുകൾ വൃത്തിയാക്കി താമസയോഗ്യമാക്കി. ശുചീകരണം വെള്ളിയാഴ്ചയും തുടരും.